(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര പെൺവാണിഭ-സ്ത്രീ പീഡനകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(സി) 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ ഓരോ വർഷങ്ങളിലും എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷവും ഇവയിൽ ഓരോന്നിലും ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 60 കേസ്സുകൾ

(ബി) 44 പരാതികൾ

(സി) 2001 - 8 കേസ്സുകൾ, 2002 - 9 കേസ്സുകൾ, 2003 - 11 കേസ്സുകൾ, 2004 - 21 കേസ്സുകൾ, 2005-11 കേസ്സുകൾ, 2006 - ഇല്ല.

(ഡി) ശേഖരിച്ചുവരുന്നു.

കൊല്ലപ്പെട്ടിട്ടുള്ള പട്ടിക ജാതി-പട്ടിക വർഗ്ഗക്കാർ

42. [42] ശ്രീമതി ഗിരിജാസുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര പട്ടികജാതി-പട്ടിക വർഗ്ഗക്കാർ കൊലചെയ്യപ്പെട്ടിട്ടുണ്ട്; ഇതിൽ സ്ത്രീകൾ എത്ര; പുരുഷന്മാർ എത്ര; കുട്ടികൾ എത്ര;

(ബി) ഇതേ കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 783 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കാണാതായ കുട്ടികൾ

43 [43] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 16 വരെ സംസ്ഥാനത്ത് നിന്ന് എത്ര കുട്ടികളെ കാണാതായിട്ടുണ്ട്;

(ബി) കാണാതായ കുട്ടികളിൽ അന്വേഷണത്തെത്തുടർന്ന് എത്ര കുട്ടികൾ മരണപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കൊലപാതകങ്ങൾ എത്ര;

(സി) ഈ കാലയളവിൽ എത്ര കുട്ടികളെ സംസ്ഥാനത്ത് നിന്നും തട്ടിക്കൊണ്ടുപോയിട്ടുണ്ട്;

(ഡി) 2001 മേയ് മുതൽ 2005 ജൂലായ്വരെ സംസ്ഥാനത്തുനിന്നും തട്ടിക്കൊണ്ടുപോയ 1333 കുട്ടികളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിൽ എത്ര കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; എത്ര കുട്ടികൾ മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

കുട്ടികളെ തട്ടിക്കൊണ്ടുപോയ കേസ്സുകൾ

44. [44] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികളെ തട്ടിക്കൊണ്ടു പോയതോ കാണാതായതോ ആയ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇത് സംബന്ധമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(സി) കാണാതായതിൽ എത്ര കുട്ടികൾ കൊല്ലപ്പെട്ടു;

(ഡി) എത്രകുട്ടികളെ കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഇനിയും എത്ര കുട്ടികളെ കണ്ടെത്താനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികളെ തട്ടിക്കൊണ്ടുപോയതോ കാണാതായതോ ആയ 860 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 1820 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 3 കുട്ടികൾ

(ഡി) 1835 കുട്ടികളെ കണ്ടെത്തിയിട്ടുണ്ട്.

(ഇ) 235 കുട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly